**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 264** **18-06-2019 ൽ മറുപടിക്ക്**

**പട്ടയം ലഭ്യമാക്കുന്നതിന് നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി<br>ശ്രീ.കെ. ബാബു<br>ശ്രീ ബി.ഡി. ദേവസ്സി<br>ശ്രീ.കെ. ആൻസലൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പട്ടയം ഇല്ലാത്തവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (എ) ഭൂമി പതിവിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും, ഇതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായി അർഹമായ കേസുകളിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. 01.01.1971- ന് മുമ്പ് വനം ഭൂമി കൈവശം വച്ചിരുന്നവർക്ക്, കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച കേസുകളിൽ പട്ടയം സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇത് സംയുക്ത പരിശോധന കഴിയാനുള്ളതിനും സമയക്രമം നിശ്ചയിച്ചു. 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു നല്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് ചട്ടങ്ങളിൽ ഭേദഗതി വരുത്തി. സംസ്ഥാനത്തെ പട്ടയ വിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി ജില്ലാ തലത്തിൽ പട്ടയമേളകളും സംഘടിപ്പിക്കാറുണ്ട്. |
| (ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഈ വർഷം എത്ര പേർക്ക് പട്ടയം നൽകാനാണ് ഉദ്ദേശിക്കുന്നത്; | (ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം നിലവിൽ പട്ടയം നൽകുന്നില്ല. |
| (സി) പട്ടികവർഗ്ഗക്കാർക്ക് കൈവശരേഖയ്ക്ക് പകരം പട്ടയം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) 1993 ലെ കേരള ഭൂമി പതിവ് (01.01.1977 ന് മുമ്പ് വനഭൂമി കൈവശം വയ്ക്കുന്നവർക്കുള്ള നിയമാവകാശം നൽകൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം 2 (f) ലെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഭൂമി കൈവശം വച്ച് വരുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രസ്തുത കൈവശഭൂമിയ്ക്ക് മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഭൂമി സംബന്ധിച്ച് ലാന്റ് ട്രിബ്യൂണലുകളിൽ ഉണ്ടായിരുന്ന കേസ്സുകൾ തീർപ്പാക്കി അവയ്ക്ക് പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്തെ താലൂക്ക് ലാൻഡ് ബോർഡുകളുടെയും, ലാൻഡ് ട്രിബ്യൂണലുകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് മുഖാന്തിരം സ്വീകരിച്ചു വരുന്നു. ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടികിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും നടപടി ക്രമങ്ങൾ ലളിതമാക്കി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തി. കാണം ഭൂമി കൈവശം വച്ചിരിക്കുന്നവർക്കു ഭൂമിയിൻമേൽ പരിപൂർണ്ണ അവകാശം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിച്ചു. പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പരിശോധന ശക്തമാക്കി. കേസുകൾ കുറവായ ജില്ലകളിൽ ബാക്കിയുള്ള നാമമാത്രമായ കേസുകൾ തീർപ്പാക്കുന്നതിനായി എല്ലാ താലൂക്ക് തഹസീൽദാർമാർക്കും ലാൻഡ് ട്രിബ്യൂണലിന്റെ അധിക ചുമതല നൽകിയി ട്ടുള്ളതാണ്. അട്ടപ്പാടി മേഖലയിലെ ആദിവാസി കളുടെ ലാൻഡ് ട്രിബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതി നായി അട്ടപ്പാടി സ്പെഷ്യൽ തഹസീൽദാർ (എൽ.എ) യ്ക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രിബ്യൂണൽ സ്ഥാപിച്ചിട്ടുണ്ട്. |
| (ഇ) | കാണം പട്ടയങ്ങളിൽ കുടിയാന്മാർക്ക് ജന്മ ഉടമസ്ഥാവകാശം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | പഴയ കൊച്ചിൻ പ്രദേശത്തിന് മാത്രമായി 1976 ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം നടപ്പിലാക്കിയിട്ടുണ്ട്. ഇന്നത്തെ എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലയിലെ ചില പ്രദേശങ്ങൾ എന്നിവയാണ് ടി പരിധിയിൽ വരുന്നത്. ഈ പ്രദേശങ്ങളിലെ കാണം കുടിയാന്മാർക്ക് അവരുടെ കൈവശ ഭൂമിയിൽ (Full proprietary right) പൂർണമായ ഉടമസ്ഥാവകാശം ടി നിയമം തന്നെ നൽകിയിട്ടുണ്ട്. അവർക്ക് ലാൻഡ് ട്രൈബ്യൂണലു കളിൽ നിന്ന് പ്രത്യേകം ക്രയസർട്ടിഫിക്കറ്റ് (പട്ടയം) ആവശ്യമില്ല. അതാത് താലൂക്കിലെ അഡീഷണൽ തഹസീൽദാർമാർ ടി നിയമത്തിലെ ചട്ടങ്ങളിലെ 13-ാം നമ്പർ ഫോറത്തിൽ ഒരു നടപടിക്രമം പുറത്തിറക്കി കാണം കുടിയായ്മ വിടുതൽ ചെയ്ത് നൽകുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ളവർക്ക് പ്രത്യേക ക്രയ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് പ്രതിപാദിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ടി നിയമം ബാധകമായ പ്രദേശങ്ങളിലെ 32000 ൽപ്പരം കാണകുടിയാൻമാർക്ക് മേൽപറഞ്ഞ തരത്തിലുള്ള നടപടിക്രമം പുറപ്പെടുവിച്ച് ടി പ്രശ്നം പൂർണ്ണമായി |

പരിഹരിച്ചും ടി നിയമം ബാധകമല്ലാത്ത സ്ഥലങ്ങളിൽ ലാൻഡ് ട്രൈബ്യൂണൽ വഴി കാണം കുടിയാന്മാർക്ക് ക്രയസർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്യുന്നത്.

**സെക്ഷൻ ഓഫീസർ**